# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*269 19.02.2016 ൽ മറുപടിക്ക്**

## റവന്യൂ പുറംമ്പോക്കുകൾ

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.സി.മോയിൻ കുട്ടി<br>,, എം.ഉമ്മർ<br>,, പി.ബി. അബ്ദുൾ റസാക്<br>,, അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) റോഡ്, പാലം, ഓഫീസ് കെട്ടിടങ്ങൾ എന്നിവയ്ക്കായി റവന്യൂ വകുപ്പ് ഏറ്റെടുക്കുന്ന സ്ഥലം യഥാസമയം ഉപയോഗപ്പെടുത്താത്തത് കൈയ്യേറ്റങ്ങൾക്ക് വഴിയൊരുക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;<br><br>ബി) റോഡ് പുറമ്പോക്കുകൾ പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താത്തതിനാൽ അടുത്ത വസ്തു ഉടമകളും, കച്ചവടക്കാരും കൈവശപ്പെടുത്തി വികസനത്തിനു തടസ്സമുണ്ടാക്കുന്നതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | എ) & ബി) | പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാ-ത്തിൻ കീഴിൽ വരുന്ന പ്രവൃത്തികൾക്ക് റവന്യൂവകുപ്പ് ഏറ്റെടുക്കുന്ന സ്ഥലം കാലതാമസം കൂടാതെ തന്നെ ഉപയോഗ-പ്പെടുത്താറുള്ളതിനാൽ കൈയ്യേറ്റങ്ങൾ ഉണ്ടാകാറില്ല. അഥവാ ഏതെങ്കിലും തരത്തിൽ റോഡ് പുറമ്പോക്കുകൾ കൈവശപ്പെടുത്തി എന്ന വിവരം ലഭ്യമായാൽ അപ്പോൾ തന്നെ അവ ഒഴിപ്പിക്കുന്നതിനായി നോട്ടീസ് നൽകി റവന്യൂ അധികാരികളെ കൊണ്ട് അളന്ന് നിർണ്ണയിച്ച് ഒഴിപ്പിക്കൽ നടപടി പൂർത്തിയാക്കാറുണ്ട്. |
| സി) പൊതുമരാമത്തു വകുപ്പിൽ ഉപയോഗപ്പെടു ത്താതെയുള്ള പുറമ്പോക്കുകൾ വേലികെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | പൊതുമരാമത്തു വകുപ്പിൽ ഉപയോഗപ്പെടു-ത്താതെയുള്ള പുറമ്പോക്കുകൾ വേലികെട്ടി സംരക്ഷിക്കുന്നത് അധികസാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതാകയാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല . |

സെക്ഷൻ ഓഫീസർ